**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2201** **09-02-2023 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസാമ്പിളുകളുടെ പരിശോധന സംബന്ധിച്ച നടപടിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ ഒരു മാസം സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കേണ്ട ഭക്ഷ്യ സാമ്പിളുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; ഭക്ഷ്യ സാമ്പിളുകളുടെ പരിശോധന സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ; | (എ) | **FSSAI** യുടെ നിർദ്ദേശം അനുസരിച്ച് ഭക്ഷ്യ സുരക്ഷാ ഓഫീസർ ഒരു മാസം **10** സ്റ്റാറ്റ്യൂട്ടറി സാമ്പിളാണ് ശേഖരിയ്ക്കേണ്ടത്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം റൂൾ **2.4.1** അനുസരിച്ചുള്ള നടപടിക്രമം പാലിച്ചുകൊണ്ട് സാമ്പിളുകൾ പരിശോധനയ്ക്കായി ലബോറട്ടറിയിലേയ്ക്ക് അയക്കുന്നു. ലാബ് പരിശോധനയിൽ **Unsafe** ആകുന്ന പക്ഷം കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും, **Substandard/Misbranded** ആകുന്ന പക്ഷം അഡ്ജ്യൂഡിക്കേഷൻ നടപടികളും സ്വീകരിച്ച് വരുന്നു. |
| (ബി) | ഭക്ഷ്യ പദാർത്ഥങ്ങളിൽ വിഷാംശം കണ്ടെത്തിയാൽ സ്വീകരിക്കുന്ന തുടർനടപടി വ്യക്തമാക്കുമോ; സ്റ്റാറ്റ്യൂട്ടറി സാമ്പിൾ കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ അധികമായി ശേഖരിക്കേണ്ട സാമ്പിളുകളുടെ പരിശോധനയിൽ വിഷാംശം കണ്ടെത്തിയാൽ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ലബോറട്ടറി പരിശോധനയിൽ ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ കണ്ടെത്തുന്ന പക്ഷം കുറ്റക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിയ്ക്കുന്നു. ഭക്ഷ്യ സുരക്ഷാ ഓഫീസർ അധികമായി ശേഖരിയ്ക്കുന്ന സാമ്പിളുകളുടെ പരിശോധനയിൽ ആരോഗ്യത്തിനു ഹാനികരമായ വസ്തുക്കൾ കണ്ടെത്തുന്ന പക്ഷം അത്തരം ഭക്ഷ്യ സാമ്പിളുകളുടെ സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ലാബ് പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്ത് ഭക്ഷ്യവിഷബാധ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷ വകുപ്പ് ഉദ്യോഗസ്ഥർ ശേഖരിക്കേണ്ട സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വിഷാംശം കണ്ടെത്തുന്ന എല്ലാ സാമ്പിളുകളിലും തുടർനടപടി ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ ഒരു മാസം **10** സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കണമെന്നാണ് **FSSAI** നിർദ്ദേശിച്ചിട്ടുള്ളത്. **FSSAI** യുടെ സെന്റട്രൽ അഡ്വൈസറി കമ്മിറ്റിയാണ് സ്റ്റാറ്റ്യൂട്ടറി സാമ്പിൾ എണ്ണം സംബന്ധിച്ച് നിർദ്ദേശം നൽകുന്നത്. സ്റ്റാറ്റ്യൂട്ടറിയായി ശേഖരിക്കുന്ന സാമ്പിളുകളിൽ വിഷാംശമോ ആരോഗ്യത്തിന് ഹാനികരമാകുന്ന മറ്റേതെങ്കിലും വസ്തുകളോ കണ്ടെത്തുന്ന പക്ഷം എല്ലാ സാമ്പിളിലും പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള തുടർ നിയമ നടപടികൾ ഉറപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ